©
**കേരള സർക്കാർ**
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| **വാല്യം 12**<br>Vol. XII | **തിരുവനന്തപുരം, വെള്ളി**<br>Thiruvananthapuram, Friday | **2023 നവംബർ 24**<br>24th November 2023<br>**1199 വൃശ്ചികം 8**<br>8th Vrischikam 1199<br>**1945 അഗ്രഹായനം 3**<br>3rd Agrahayana 1945 | **നമ്പർ**<br>No. **3787** |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

നോട്ടീസ്

ഫാറം–VI

[ചട്ടം 22(2) കാണുക]

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 36-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം മാസ്റ്റർ പ്ലാനിന് സർക്കാർ അനുമതി നൽകിയ വസ്തുത അറിയിക്കുന്ന നോട്ടീസ്

റഫ. നം തസ്വഭവ-ആർ.ഡി2/176/2023-തസ്വഭവ. തീയതി, തിരുവനന്തപുരം, *2023 നവംബർ 13.*

താഴെ പറയുന്ന അതിരുകളോട് കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിനായി നെയ്യാറ്റിൻകര മുനിസിപ്പൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൗൺസിൽ പരിഷ്കരണങ്ങളോടു കൂടി സ്വീകരിച്ച മാസ്റ്റർ പ്ലാൻ 2016-ലെ കേരള നഗര – ഗ്രാമാസൂത്രണ ആക്ടിലെ (2016 -ലെ 9) 36-ാം വകുപ്പ് (8) -ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് നമ്പർ സ.ഉ. (കൈ) നം. 185/2023/തസ്വഭവ. തീയതി 25-10-2023 പ്രകാരം സർക്കാർ അംഗീകരിച്ചതായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

| | | |
|---|---|---|
| വടക്ക് | : | ആര്യൻകോട് പഞ്ചായത്ത്, മാറനല്ലൂർ പഞ്ചായത്ത് |
| കിഴക്ക് | : | ആര്യൻകോട് പഞ്ചായത്ത്, പെരുംകടവിള പഞ്ചായത്ത്, കൊല്ലയിൽ പഞ്ചായത്ത് |
| തെക്ക് | : | ചെങ്കൽ പഞ്ചായത്ത്, തിരുപുറം പഞ്ചായത്ത് |
| പടിഞ്ഞാറ് | : | മാറനല്ലൂർ പഞ്ചായത്ത്, പള്ളിച്ചൽ പഞ്ചായത്ത്, അതിയന്നൂർ പഞ്ചായത്ത്, തിരുപുറം പഞ്ചായത്ത് |

മാസ്റ്റർപ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദ-നഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ.

(എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ:

G.O.(P) No. 197/91/LAD dated 01.08.1991 പ്രകാരം അംഗീകരിച്ച നെയ്യാറ്റിൻകര ബസ് സ്റ്റാൻഡ് പ്രദേശത്തിനായുള്ള വിശദ നഗരാസൂത്രണ പദ്ധതി (DTP Scheme for Neyyattinkara Bus Stand Area).

(ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ: ഇല്ല.

(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ:

G.O.(P) No. 197/91/LAD. dated 01.08.1991 പ്രകാരം അംഗീകരിച്ച നെയ്യാറ്റിൻകര ബസ് സ്റ്റാന്റ് പ്രദേശത്തിനായുള്ള വിശദ നഗരാസൂത്രണ പദ്ധതി (DTP Scheme for Neyyattinkara Bus Stand Area).

വിശദ നഗരാസൂത്രണ പദ്ധതി പ്രദേശം നിലവിൽ നഗരസഭയുടെ പ്രധാനപ്പെട്ട ജംഗ്ഷൻ ആയി വികസിച്ചിരിക്കുന്നു. പ്രസ്തുത പ്രദേശത്തിന്റെ ജംഗ്ഷൻ വികസനവും മുൻ കാലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ പദ്ധതി പ്രകാരം ദേശീയ പാത, നെയ്യാറ്റിൻകര ജംഗ്ഷൻ എന്നിവയുടെ വികസനം ഭാവിയിൽ നടപ്പിലാകുന്നതാണ്. ഈ സാഹചര്യത്തിൽ, നഗരസഭയുടെ ആസൂത്രിത വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ നിലവിൽ വരുന്നതാണ് ഈ പ്രദേശത്തിന്റെ വികസനത്തിന് ഉചിതമാകുക. ഇതിന്റെ അടിസ്ഥാനത്തിലാണ് നിലവിലെ വിശദ നഗരാസൂത്രണ പദ്ധതിയിലെ സാധ്യമായ നിർദ്ദേശങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി പ്രസ്തുത സ്കീം റദ്ദാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്.

(ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ : ഇല്ല

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ 36-ാം വകുപ്പ് (10)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു പോലെ, നെയ്യാറ്റിൻകര മുനിസിപ്പൽ കൗൺസിൽ മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഈ പ്ലാനിന് അനുസൃതമായല്ലാതെ യാതൊരാളും ഏതൊരു ഭൂമിയും, വിനിയോഗിക്കുകയോ, വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂമിയുടെ വികസനം നടപ്പാക്കുകയോ, ഭൂവിനിയോഗത്തിനു മാറ്റം വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

ശാരദ മുരളീധരൻ
അഡീഷണൽ ചീഫ് സെക്രട്ടറി

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.11.24 09:31:30 +05:30